# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 78      04/02/2013 ത് മറുപടിക്ക്

**<u>പി.എസ്.സി. നടത്തുന്ന ഒ.എം.ആർ പരീക്ഷകൾ</u>**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. റ്റി.ജോർജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നടത്തുന്ന ഒ.എം. ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റ മറ്റതും അതിവേഗത്തിലുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)യും (ബി)യും<br>അത്യാധുനികവും ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചതുമായ 6 അമേരിക്കൻ നിർമ്മിത സ്കാനറുകൾ OMR പരീക്ഷകളുടെ മൂല്യ നിർണ്ണയത്തിനായി ഉപയോഗിച്ചുവരുന്നു. രണ്ട് ഷിഫ്റ്റിലായി രാവിലെ 9 മണി മുതൽ 5 മണിവരെ തുടർച്ചയായി 24 ഉദ്യോഗസ്ഥരെ സ്കാനിംഗിനും അനുബന്ധ ജോലികൾക്കുമായി ഒ.എം.ആർ. സെക്ഷനിൽ നിയോഗിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം കുറ്റമറ്റതാക്കാൻ സ്ക്രിപ്റ്റുകളുടെ ഉത്തരം അടയാളപ്പെടുത്തുന്ന ഭാഗം (പാർട്ട് ബി) രണ്ടുപ്രാവശ്യം (Double valuation) സ്കാൻ ചെയ്ത് ബന്ധപ്പെട്ട സെക്ഷനിലേക്ക് തിരിച്ചയയ്ക്കുന്നു. അതിനുശേഷം ഉദ്യോഗാർത്ഥികളുടെ വ്യക്തിഗത വിവരങ്ങളടങ്ങിയ ഭാഗം (പാർട്ട് എ) സ്കാൻ ചെയ്യുന്നതിനായി ഒ.എം.ആർ സെക്ഷനിലെത്തിക്കുന്നു. പരീക്ഷാകേന്ദ്രത്തെയോ ഉദ്യോഗാർത്ഥിയെയോ തിരിച്ചറിയുന്നതിനുള്ള യാതൊരു അടയാളവും ഒ.എം.ആർ സെക്ഷനിലെത്തിക്കുന്ന ഉത്തരക്കടലാസ് പായ്ക്കറ്റുകളിൽ കാണില്ല. സ്കാനിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അടുത്ത ബന്ധുക്കളോ പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിക്ഷയുടെ ഉത്തരക്കടലാസിന്റെ സ്കാനിംഗ് ജോലിയിൽനിന്നും പ്രസ്തുത ഉദ്യോഗസ്ഥനെ ഒഴിവാക്കുന്നു. Scan Room, Security Cameraകളുടെ നിരന്തര നിരീക്ഷണത്തിലാണ്. മൂല്യനിർണ്ണയത്തിനായി ഉപയോഗിക്കുന്ന software- കൾ Scanner-കൾ |

നിർമ്മിച്ച കമ്പനി തന്നെ ലഭ്യമാക്കിയതും കുറ്റമറ്റതുമാണ്.

(ബി ഇതിനായി അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നകാര്യം പരിഗണനയിലുണ്ടോ: വിശദാംശങ്ങൾ എന്തെല്ലാമാണ്:

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) മൂല്യനിർണ്ണയ നടപടികൾ കുറേക്കൂടി വേഗത്തിലാക്കാൻ പുതിയതായി അഞ്ച് സ്കാനറുകൾ കൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ